പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3291 — 23.3.2015-ൽ മറുപടിക്ക്

## ശുചിത്വമിഷൻ വഴി നഗര മാലിന്യനിർമ്മാർജ്ജനം

**ചോദ്യം**

ശ്രീ. കെ.രാധാകൃഷ്ണൻ

" രാജു എബ്രഹാം

" എ.എം.ആരിഫ്

" എസ്.രാജേന്ദ്രൻ

**ഉത്തരം**

ശ്രീ.മഞ്ഞളാംകുഴി അലി
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും
വകുപ്പു മന്ത്രി)

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പിൽ ശുചിത്വമിഷനുള്ള പങ്കെന്താണെന്ന് അറിയിക്കാമോ;

(എ) നഗരങ്ങളിലെ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ പരിശോധിച്ച് അവയ്ക്ക് സാങ്കേതികാനുമതിയും സർക്കാരിൽ നിന്നും ഇക്കാര്യത്തിന് അനുവദിക്കപ്പെടുന്ന തുകയിൽ നിന്നും അർഹമായ സാമ്പത്തിക സഹായവും, മാലിന്യ നിർമ്മാർജ്ജന പ്രവൃത്തികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ ഉപദേശവും ശുചിത്വമിഷൻ വഴി നൽകി വരുന്നു.

(ബി) ഈ ലക്ഷ്യം മുൻനിർത്തി മിഷൻ എന്തെല്ലാം പരിപാടികളാണ് നടപ്പാക്കിയിട്ടുള്ളതെന്നറിയിക്കാമോ;

(ബി) നഗരങ്ങളിൽ പൊതുമാലിന്യ സംസ്കരണ സംവിധാനം നിലവില്ലാത്ത നഗരസഭകളിൽ അവ സ്ഥാപിക്കുന്നതിനും പൊതു മാലിന്യ സംസ്കരണ സംവിധാനം ഉള്ള നഗരസഭകളിൽ ആയത് ആധുനികവൽക്കരിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 27 നഗരസഭകൾക്ക് അനുമതിയും 100% സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ പൊതു മാലിന്യ സംസ്കരണ കേന്ദ്രത്തിലേയ്ക്കെത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിലേയ്ക്കുമായി ഉറവിട മാലിന്യ സംസ്കരണ പദ്ധതി സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(സി) ഈ പദ്ധതികളുടെ നടത്തിപ്പ് മാലിന്യനിർമ്മാർജ്ജനത്തിന് ഏതളവുവരെ പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നറിയിക്കാമോ;

(സി) സംസ്ഥാനത്തെ നഗരസഭകളിൽ നടപ്പിലാക്കി വരുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ തരംതിരിച്ച് സംസ്ക്കരിക്കുവാൻ സാധിക്കുന്നതിനാൽ പൊതു മാലിന്യ സംസ്കരണ കേന്ദ്രത്തിലേക്കെത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധി വരെ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ശുചിത്വമിഷന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ ലഭ്യമാണോ ?

(ഡി) ശുചിത്വമിഷന് കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വകയിരുത്തിയ തുകയുടെയും ചെലവഴിക്കപ്പെട്ട തുകയുടെയും വിശദ വിവരങ്ങൾ താഴെപ്പറയുന്നു.

| വർഷം | വകയിരുത്തിയ തുക (ലക്ഷത്തിൽ) | കിട്ടിയ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2011-12 | 6822.4 | 5544 | 5410.54 |
| 2012-13 | 17766 | 6555 | 4939.64 |
| 2013-14 | 9185 | 3253.8 | 2991.29 |

സെക്ഷൻ ഓഫീസർ